# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1080 06.06.2018 -ലെ മറുപടി

### ഹില്ലി അക്വാ കുപ്പിവെള്ളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | മാത്യു ടി. തോമസ്<br>ജലവിഭവ വകുപ്പുമന്ത്രി |

<table>
<tr>
<td>എ)</td>
<td>ജല അതോറിറ്റി ഹില്ലി അക്വാ എന്ന പേരിൽ വിപണിയിൽ ഇറക്കുന്ന കുപ്പിവെള്ളത്തിന്റെ ഉല്പാദനച്ചെലവ് എത്രയാണെന്നും ഇത് എത്ര രൂപക്കാണ് വിതരണക്കാർക്ക് നൽകുന്നതെന്നും ഇതിൻമേൽ മറ്റെന്തെങ്കിലും സെസ്സ് ചുമത്തുന്നുണ്ടോയെന്നും വിശദമാക്കാമോ;</td>
<td>എ)</td>
<td>ജലവിഭവവകുപ്പിന്റെ ചുമതലയിലുള്ള KIIDC വിപണിയിൽ ഇറക്കുന്ന ഹില്ലി അക്വാ എന്ന കുപ്പിവെള്ളത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><td colspan="2">ഉത്പാദനച്ചെലവ് (2015-ൽ കണക്കാക്കിയത്</td><td>വിതരണക്കാർക്ക് നൽകുന്ന വില (GST ഉൾപ്പടെ)</td></tr>
<tr><td>1000ml</td><td>4.65 രൂപ</td><td>6.18 രൂപ</td></tr>
<tr><td>2000ml</td><td>10.00 രൂപ</td><td>11.85 രൂപ</td></tr>
<tr><td>300ml</td><td>3.91 രൂപ</td><td>4.64 രൂപ</td></tr>
</table>
മറ്റ് സെസ്സുകൾ ഒന്നും ചുമത്തുന്നില്ല.</td>
</tr>
<tr>
<td>ബി)</td>
<td>വിപണിയിൽ ഈ കുപ്പിവെള്ളം എത്ര രൂപക്കാണ് ലഭ്യമാക്കുന്നതെന്നും ,വിതരണക്കാർക്ക് നൽകുന്നതിൽ നിന്നും ഉയർന്ന വില ഉപഭോക്താവ് കൊടുക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാനാകുമോയെന്നും വ്യക്തമാക്കാമോ;</td>
<td>ബി)</td>
<td>ഈ കുപ്പിവെള്ളത്തിന്റെ വിപണിയിലെ വില (MRP) ചുവടെ ചേർക്കുന്നു
<table>
<tr><td>1000ml</td><td>15 രൂപ</td></tr>
<tr><td>2000ml</td><td>20 രൂപ</td></tr>
<tr><td>300ml</td><td>10 രൂപ</td></tr>
</table>
എന്നാൽ കമ്പനിയുടെ ഫാക്ടറി ഔട്ട് ലെറ്റ്, ജയിലുകളുടെ ഔട്ട് ലെറ്റുകൾ, വിതരണക്കാർ നേരിട്ടു നടത്തുന്ന ഔട്ട് ലെറ്റുകൾ എന്നിവ വഴി 1000ml ന്റെ കുപ്പിവെള്ളം നിലവിൽ 10 രൂപയ്ക്ക് പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.</td>
</tr>
<tr>
<td>സി)</td>
<td>അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും ഇത് എന്നത്തേക്ക് പ്രവർത്തനം തുടങ്ങാനാകുമെന്നും വ്യക്തമാക്കാമോ?</td>
<td>സി)</td>
<td>വാട്ടർ അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ ആരംഭിക്കുന്ന കുപ്പിവെള്ളപ്ലാന്റിന്റെ ജോലികൾ 95% ത്തോളം പൂർത്തിയായി കഴിഞ്ഞു. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ഉൽപാദനം ആരംഭിക്കുന്നതാണ്.</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**